File No.FWLD-A1/13/2020-FWLD

5254
12/8/20

'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

മണ്ണാർക്കാട് ഡിവിഷൻ - അട്ടപ്പാടി റെയിഞ്ച് - ഇ.എഫ്.എൽ ആക്റ്റ് 2003 പ്രകാരം നോട്ടിഫൈ ചെയ്യുന്നതിലേയ്ക്കായി പ്രൊപ്പോസൽ സമർപ്പിച്ചിരുന്ന സ്ഥലങ്ങൾക്ക് വില്ലേജ് ഓഫീസിൽ നികതി സ്വീകരിക്കുന്നതിലേയ്ക്കായി അനുമതി നൽകിയത് - ശ്രീ.എ.എൽ. സന്തോഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർക്കെതിരായ അച്ചടക്ക നടപടി - തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എ) വകുപ്പ്

സ.ഉ.(സാധാ) നം.53/2020/വനം തിരുവനന്തപുരം, തീയതി, 07/03/2020

---

പരാമർശം:- (1) 02.04.2019-ലെ FWLD-A1/27/2019-FWLD നമ്പർ കുറ്റപത്രവും/കുറ്റാരോപണ പത്രികയും

(2) 22.06.2019 തീയതിയായി ശ്രീ.എ.എൽ.സന്തോഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പ്രതിവാദ പത്രിക

(3) 02.08.2019, 25.11.2019 എന്നീ തീയതികളിലെ ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ ബി7-50138/2018 നമ്പർ കത്തുകൾ

ഉത്തരവ്

മണ്ണാർക്കാട് ഡിവിഷനിലെ അട്ടപ്പാടി റെയിഞ്ചിന്റെ പരിധിയിൽ വരുന്നതും ഇ.എഫ്.എൽ പരിസ്ഥിതി ദുർബല പ്രദേശമായി പ്രഖ്യാപിക്കുന്നതിന് ശുപാർശ ചെയ്തിരുന്നതുമായ ഭൂമിയ്ക്ക് സ്വകാര്യ വ്യക്തികളുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ നിരാക്ഷേപപത്രം അനുവദിച്ചതായി സി & എ.ജി. കണ്ടെത്തുകയുണ്ടായി.

2) 2007-ൽ ഇ.എഫ്.എൽ ഭൂമിയാക്കാനായി മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, ഈസ്റ്റേൺ സർക്കിൾ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്കും, ചീഫ് കൺസർവേറ്റർ ഇ.എഫ്.എൽ. കസ്റ്റോഡിയനും ശുപാർശ ചെയ്ത ഭൂമിയിലാണ്, ആധാരം രജിസ്റ്റർ ചെയ്യുന്നതിന് നിരാക്ഷേപപത്രത്തിനായി ലഭിച്ച സ്വകാര്യ വ്യക്തികളുടെ അപേക്ഷയിൽ, അട്ടപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ സമർപ്പിച്ച പരിശോധന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ നിക്ഷിപ്തവനം, ഇ.എഫ്.എൽ എന്നിവയിൽ ടി വസ്തുക്കൾ ഉൾപ്പെടാത്തതാണെന്നും ആയതിനാൽ

നികുതി സ്വീകരിക്കുന്നതിന് വിരോധമില്ല എന്നും വ്യക്തമാക്കി മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ, പുതൂർ വില്ലേജ് ഓഫീസിലേയ്ക്ക് കത്ത് നൽകിയിരുന്നത്. റെയിഞ്ച് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നൽകപ്പെട്ട പ്രസ്തുത നിരാക്ഷേപപത്രം ക്രമപ്രകാരമല്ല എന്ന് പിന്നീട് കണ്ടെത്തുകയും 2015-ൽ ആയത് റദ്ദാക്കി ഉത്തരവ് പുറപ്പെടുവിക്കുകയും ആ വിവരം റവന്യൂ അധികാരികളെ അറിയിക്കുകയുമുണ്ടായി.

3) ആഡിറ്റ് പരാമർശങ്ങൾ അംഗീകരിച്ച സർക്കാർ പ്രസ്തുത ക്രമക്കേടിന് ഉത്തരവാദികളായവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ഉത്തരവായി. അതിന്റെ അടിസ്ഥാനത്തിൽ അന്നത്തെ അട്ടപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ആയിരുന്ന ശ്രീ.എ.എൽ.സന്തോഷിന് പരാമർശം (1) പ്രകാരം കുറ്റപത്രവും/കുറ്റാരോപണ പത്രികയും നൽകി അച്ചടക്ക നടപടി ആരംഭിച്ചു.

4) ടിയാൻ പരാമർശം (2) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പരാമർ ശം (3) പ്രകാരം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അഭിപ്രായം ലഭ്യമാക്കി. തുടർന്ന് പ്രതിവാദ പത്രികയിൽ അഭ്യർത്ഥിച്ചതിൻ പ്രകാരം ശ്രീ. എ.എൽ. സന്തോഷിനെ നേരിൽ കേൾക്കുകയുണ്ടായി.

5) ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്ഥലപരിശോധന നടത്താതെയാണ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് റിപ്പോർട്ട് സമർപ്പിച്ചതെന്നും പ്രസ്തുത സ്ഥലങ്ങൾ ഇ.എഫ്.എൽ. വിജ്ഞാപനം ചെയ്യാൻ ശുപാർശ നൽകിയതായി സ്റ്റേഷൻ സ്റ്റാഫ് ശ്രദ്ധയിൽപ്പെടുത്തിയിരുന്നില്ലായെന്നും 16.04.2012-ൽ മാത്രം അട്ടപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായി ചാർജ്ജെടുത്ത തനിയ്ക്ക് ടി സ്ഥലങ്ങൾ ഇ.എഫ്.എൽ. ആയി നോട്ടിഫൈ ചെയ്യുന്നതിന് ശുപാർശ ചെയ്യപ്പെട്ടതായിരുന്നു എന്ന് അറിവില്ലായിരുന്നു എന്നും ഹിയറിംഗിൽ ടിയാൻ ബോധിപ്പിച്ചു.

6) നേരിൽ കേൾക്കുന്ന സമർത്ത് ടിയാൻ ഉന്നയിച്ച വാദങ്ങളും അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റിന്റെ റിപ്പോർട്ടും ബന്ധപ്പെട്ട ഫയലുകളും സർക്കാർ വിശദമായി പരിശോധിച്ചു.

7) 20.12.2012-ൽ അന്നത്തെ അട്ടപ്പാടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസറായിരുന്ന ശ്രീ.സന്തോഷ് 4 കത്തുകൾ പ്രകാരം, ആധാരം രജിസ്റ്റർ ചെയ്യുന്നതിനുള്ള നിരാക്ഷേപ പത്രത്തിനായി സമർപ്പിച്ച അപേക്ഷയിന്മേൽ "ടി സ്ഥലങ്ങളുടെ ആധാര പ്രകാരമുള്ള ഏരിയ വനം വകുപ്പ് അളന്ന് തിട്ടപ്പെടുത്തിയിട്ടില്ല, റവന്യൂ അധികൃതർ ടി സ്ഥലം സർക്കാർ നിക്ഷിപ്തവനം, ഇ.എഫ്.എൽ എന്നിവയിൽ ഉൾപ്പെടുന്നില്ല, ടി സ്ഥലത്തിന്റെ ജി.പി.എസ്സ്. റീഡിംങ് $N11^0$ 12' 32.6" E $076^0$ 41' 28.0" ആണ്. ടി സ്ഥലത്തിന്റെ വനഭൂമിയോട് ചേർന്നു വരുന്ന അതിർത്തികൾ 2008-2009 വർഷത്തിൽ ഫോറസ്റ്റ് മിനി സർവ്വേ ടീമിലെ സർവ്വേയർ റീഫിക്സ് ചെയ്തിട്ടുള്ളതും സ്ഥിര ജണ്ടകൾ നിർമ്മിച്ചിട്ടുള്ളതുമാണ്. ആയതിനാൽ പ്രസ്തുത സ്ഥലത്തിന് വനഭൂമിയിൽ ഉൾപ്പെടുന്നില്ല എന്നുള്ള നിരാക്ഷേപപത്രം അപേക്ഷകന്റെ പേരിൽ അനുവദിക്കാവുന്നതാണെന്ന്" ശുപാർശ ചെയ്തു. അതിൻ പ്രകാരം ടി സ്ഥലം പരിശോധിച്ചതിൽ നിന്നും, "വനഭൂമിയോട് ചേർന്ന് കിടക്കുന്ന അതിർത്തികൾ 2008-2009 വർഷത്തിൽ ഫോറസ്റ്റ് മിനി സർവ്വെ ടീമിലെ സർവ്വെയർ റീഫിക്സ് ചെയ്തിട്ടുള്ളതും സ്ഥിരം ജണ്ടകൾ നിർമ്മിച്ചിട്ടുള്ളതും, സർക്കാർ നിക്ഷിപ്തവനം ഇ.എഫ്.എൽ എന്നിവയിൽ ഉൾപ്പെടാത്തതുമാണ്. പ്രസ്തുത

സ്ഥലത്തിന്റെ വിസ്തൃതി വനം വകുപ്പ് നിശ്ചയിച്ചിട്ടില്ലാത്തതിനാൽ റവന്യൂ വകുപ്പ് തന്നെ വനാതിർത്തിയ്ക്ക് പുറത്തുള്ള സ്ഥലം അളന്ന് തിട്ടപ്പെടുത്തേണ്ടതാണ്. വനാതിർത്തിയ്ക്ക് പുറത്തുള്ള സ്ഥലത്തിന് നികുതി സ്വീകരിക്കുന്നതിനും കൈവശ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിനും വിരോധമില്ല" എന്ന് അറിയിച്ച് വില്ലേജിൽ നിന്നും കൈവശ സർട്ടിഫിക്കറ്റ്, ലോക്കേഷൻ സർട്ടിഫിക്കറ്റ്, ലോക്കേഷൻ സ്കെച്ച് എന്നിവ അനുവദിക്കുന്ന മുറയ്ക്ക് യഥാവിധിയുള്ള നിരാക്ഷേപപത്രം അനുവദിക്കുന്നതാണ് എന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ പുതൂർ വില്ലേജ് ഓഫീസറെ 20.12.2012-ൽ അറിയിക്കുകയും ചെയ്തു.

8) മണ്ണാർക്കാട് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ 20.12.2012-ലെ കത്തിന്റെ അടിസ്ഥാനത്തിൽ 2012-13, 2013-14 സാമ്പത്തിക വർഷങ്ങളിൽ ടി വസ്തുവിന് സ്വകാര്യ വ്യക്തികളിൽ നിന്നും ഭൂനികുതി സ്വീകരിച്ചിട്ടുണ്ട്. 2015-ൽ എൻ.ഒ.സി. റദ്ദ് ചെയ്തശേഷം ഭൂനികുതി സ്വീകരിച്ചിട്ടില്ലാത്തതും പ്രസ്തുത സ്ഥലങ്ങൾ ഇപ്പോൾ വനം വകുപ്പിന്റെ സംരക്ഷണയിലുമാണ്.

9) ഇ.എഫ്.എൽ. ശുപാർശ ചെയ്ത ഭൂമികൾ ഏതൊക്കെയാണെന്ന് സ്റ്റേഷൻ തലത്തിലും റെയിഞ്ച് തലത്തിലും, ഡിവിഷണൽ തലത്തിലും കൃത്യമായി രേഖകൾ സൂക്ഷിക്കുകയും ബന്ധപ്പെട്ട അധികാരികൾ അവയെപ്പറ്റി അറിഞ്ഞിരിക്കുകയും ചെയ്യാൻ ബാധ്യസ്ഥരാണ്. ഇ.എഫ്.എൽ. ശുപാർശയുടെ ഉറവിടം അട്ടപ്പാടി റെയിഞ്ചാണെന്നിരിക്കെ വിശദമായ സ്ഥലപരിശോധന നടത്താതെയും, രേഖകൾ പരിശോധിക്കാതെയും എൻ.ഒ.സി. അനുവദിക്കുന്നതിനുള്ള ശുപാർശ സമർപ്പിച്ചത് ശ്രീ.എ.എൽ.സന്തോഷിന്റെ ഭാഗത്തുള്ള ഗുരുതര കൃത്യവിലോപമാണ്. 18.12.2012-ന് ലഭിച്ച എൻ.ഒ.സി. അപേക്ഷകളിൽ 20.12.2012-ന് തന്നെ എൻ.ഒ.സിയ്ക്ക് ശുപാർശ ചെയ്യുകയും 20.12.2012-ന് തന്നെ എൻ.ഒ.സി. അനുവദിക്കുകയും ചെയ്യുക വഴി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ അനാവശ്യ തിടുക്കം കാണിച്ചിട്ടുമുണ്ട്. ശ്രീ.സന്തോഷിന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ സർക്കാറിന് നഷ്ടമൊന്നും സംഭവിച്ചിട്ടില്ല; ഭൂമി അന്യാധീനപ്പെടുകയുമുണ്ടായില്ല. എങ്കിലും ഒരു റെയിഞ്ചിന്റെ ചുമതലയുള്ള ഉദ്യോഗസ്ഥൻ എന്ന നിലയ്ക്ക് ലഭിച്ച അപേക്ഷയിലെ ആവശ്യം വ്യക്തമായി പരിശോധിക്കേണ്ടതും സ്ഥല പരിശോധന നടത്തേണ്ടതുമായിരുന്നു. അത്തരത്തിൽ ഡ്യൂട്ടിയിൽ വീഴ്ച വന്നിട്ടുണ്ട്.

10) ഈ സാഹചര്യത്തിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ ശ്രീ.എ.എൽ.സന്തോഷിന് 1960-ലെ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11(i) പ്രകാരം 'സെൻഷർ' ശിക്ഷ നൽകി അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീല എം
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് & ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ്

ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്

ശ്രീ.എ.എൽ.സന്തോഷ്, റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ

(ഭരണ വിഭാഗം അഡീഷണൽ പ്രിൻസിപ്പൽ ചീഫ്

കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് മുഖേന)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം

പൊതുജന വിവര സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

വനം വന്യജീവി (പി. എസ്.) വകുപ്പ്

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ